# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2630** **06.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് തൊഴിൽ ലഭിക്കുന്നതിന് വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ Assistance for Training & employment എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന നടത്തി പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു. വിദേശത്തും പ്ലെയ്സ്മെന്റ് നൽകി വരുന്നു. 234 പേർക്ക് ഇതുവരെ വിദേശത്ത് പ്ലെയ്സ്മെന്റ് ലഭിച്ചു. |
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശരാജ്യങ്ങളിൽ പഠനം നടത്തുന്നതിന് വകുപ്പ് എന്തൊക്കെ തരത്തിലുള്ള സഹായമാണ് നൽകുന്നത്; വിശദീകരിക്കുമോ; | (ബി) | കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിയ്ക്കുന്നതിനായി 04/10/2017 ലെ ജി.ഒ.(എം.എസ്) നമ്പർ 81/2017/ പജ.പവ.വിവ ഉത്തരവിലെ മാനദണ്ഡ പ്രകാരം 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. |
| (സി) | സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവരെ മുന്നോട്ട് കൊണ്ടുവരുന്നതിനും സമൂഹത്തിൽ അവർക്ക് മാന്യമായ ജീവിതം ഉണ്ടാക്കുന്നതിനും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ? | (സി) | പട്ടികജാതിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികളുടെ വീടിനോട് ചേർന്ന് ആധുനിക പഠന സൗകര്യങ്ങളുള്ള ഒരു പഠന മുറി കൂടി നിർമ്മിക്കുന്ന പദ്ധതി.<br>2) പട്ടികജാതി പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി സാമൂഹിക സുരക്ഷാപദ്ധതിയായ 'വാത്സല്യനിധി' എന്ന പുതിയ പദ്ധതി വഴി സാമ്പത്തിക സുരക്ഷ, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം തുടങ്ങി എല്ലാ സംരക്ഷണങ്ങളും ഉറപ്പുവരുത്തി 18 വയസ്സ് തികയുമ്പോൾ മൂന്നു ലക്ഷം രൂപ മച്യൂരിറ്റി ബനിഫിറ്റ് ലഭിക്കുന്നു. മാതാപിതാക്കൾ, സഹോദരൻ എന്നിവർക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കും.<br>3) പട്ടികജാതിക്കാരായ വനിതാ ജീവനക്കാർക്ക് എല്ലാ ജില്ലകളിലും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിപ്രകാരം ആദ്യത്തെ ഹോസ്റ്റൽ നിർമ്മാണം പേരൂർക്കടയിൽ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | 4) പട്ടികജാതിക്കാരുടെ തനതു കലകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും നാടൻകലാമേളയും (ഗദ്ദിക), ഉല്പന്ന പ്രദർശന വിപണനമേളയും സംഘടിപ്പിച്ചു വരുന്നു.<br>5) ചികിത്സാ ധനസഹായം ഓൺലൈനാക്കി<br>6) എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഓൺലൈനാക്കി ഒറ്റപ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവന്നു. |

**സെക്ഷൻ ഓഫീസർ**